കാർഷികാദായ നികുതി കുടിശ്ശിക

22 (977)ശ്രീ. കെ. ബാബു :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികാദായ നികുതി കുടിശ്ശികയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്;

(ബി) എത്ര പേരിൽ നിന്നാണ് ഈ തുക കിട്ടേണ്ടത്;

(സി) ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ വിൽപ്പന നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളത് ആരാണ്?

ഉത്തരം

(എ) 31.3.2000 വരെ കാർഷികാദായ നികുതി കുടിശ്ശികയിനത്തിൽ 60.56 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

പ്ലാന്റേഷൻ നികുതി

'23 (978)ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. പി.ജെ. ജോയി :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ നികുതിയിനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ട്;

(ബി) എത്രപേരിൽ നിന്നാണ് ഈ തുക പിരിഞ്ഞു കിട്ടാനുള്ളത്;

(സി) ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ പ്ലാന്റേഷൻ നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളത് ആരെല്ലാം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വയനാട് ജില്ല ഒഴികെ സംസ്ഥാനത്ത് തോട്ട നികുതിയിനത്തിൽ 1,64,72,716.34 രൂപ പിരിഞ്ഞു കിട്ടാനുണ്ട്. (വയനാട് ജില്ലയെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു)

(ബി) സംസ്ഥാനത്തൊട്ടാകെ 1476 പേരിൽ നിന്നും.

(സി) തിരുവനന്തപുരം ജില്ല: പൊന്മുടി എസ്റ്റേറ്റ്, ബ്രൈമൂർ എസ്റ്റേറ്റ്, മഹാവീർ പ്ലാന്റേഷൻ, വർദ്ധിനി പ്ലാന്റേഷൻ, പൊന്മുടി റബ്ബർ എസ്റ്റേറ്റ്. ഡി. രാധാകൃഷ്ണനും മറ്റു കക്ഷികളും, ഏലിയാമ്മ ജോർജ്ജും, മറ്റു കക്ഷികളും. കൊല്ലം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ വൻ കുടിശ്ശിക വരുത്തിയവർ ആരുമില്ല.

പത്തനംതിട്ട ജില്ല : പ്ലാന്റേഷൻ കോർപ്പറേഷൻ റാന്നിതോട് സെക്ഷൻ, കോഴഞ്ചേരി താലൂക്ക്.

ഇടുക്കി ജില്ല : കേരളാ ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, മേത്താനത്ത് ടീ എസ്റ്റേറ്റ്, ടാറ്റാ ടീ എസ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly